16756
25/10/16

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – ജീവനക്കാര്യം- കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി - ശമ്പള പരിധി, പ്രതിമാസ പ്രീമിയം എന്നിവ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ (അച്ചടി) നം.149/16/ധന **തിരുവനന്തപുരം, തീയതി : 04.10.2016**

പരാമർശം -
1. 09.02.2012 ലെ സ. ഉ. (അച്ചടി) നം. 104/2012/ധന.
2. 11.02.2014 ലെ സ. ഉ. (അച്ചടി) നം. 54/2014/ധന.
3. 20.01.2016 ലെ സ. ഉ. (അച്ചടി) നം. 7/2016/ധന.
4. ഇൻഷ്വറൻസ് ഡയറക്ടറുടെ 10.06.2016 ലെ ഇൻഷ്വ/ഡെവ.വിംഗ്/ഡി.വി.3/ ടി 001606592 നമ്പർ കത്ത്.

ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് (3) പ്രകാരം സർക്കാർ ഉദ്യോഗസ്ഥരുടേയും അദ്ധ്യാപകരുടേയും ശമ്പളവും ആനുകൂല്യങ്ങളും പരിഷ്കരിക്കുകയുണ്ടായി. പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ ശമ്പള പരിധി, പ്രതിമാസ പ്രീമിയം തുക എന്നിവ പുതുക്കണമെന്ന് സൂചനയിലെ കത്തിലൂടെ ഇൻഷ്വറൻസ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. ഇൻഷ്വറൻസ് ഡയറക്ടറുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും അതിൻപ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും ചുവടെ ചേർക്കും പ്രകാരം ബാധകമായ ശമ്പള പരിധി, പ്രതിമാസ പ്രീമിയം തുക എന്നിവ പുതുക്കി സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 4(1) ൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശമ്പള പരിധി (പുതുക്കിയ ശമ്പള സ്കെയിൽ പ്രകാരം)	പുതുക്കിയ പ്രതിമാസ പ്രീമിയം നിരക്ക് രൂപയിൽ
അടിസ്ഥാന ശമ്പളം 17,999/- രൂപ വരെ	200/-
അടിസ്ഥാന ശമ്പളം 18,000/- രൂപ മുതൽ 35,699/- രൂപ വരെ	300/-
അടിസ്ഥാന ശമ്പളം 35,700/- രൂപ മുതൽ 55,349/- രൂപ വരെ	500/-
അടിസ്ഥാന ശമ്പളം 55,350/- രൂപ മുതൽ	600/-

3. പുതുക്കിയ നിരക്ക് 01.01.2017 (2016 ഡിസംബർ മാസത്തെ ശമ്പളം) മുതൽ പ്രബല്യത്തിലാകുന്നതാണ്. പുതുക്കിയ നിരക്കിലുള്ള പുതിയ പോളിസികളുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ പ്രീമിയം 200 രൂപയും അഡീഷണൽ പോളിസികളുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ പ്രീമിയം

100 രൂപയും ആയിരിക്കുന്നതാണ്. സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിലെ നിലവിലെ വരിക്കാർ സൂചന (2) ലെ ഉത്തരവിന് വിധേയമായി അധിക പോളിസികൾ എടുക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ. എം. ജാഫർ
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും
എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.(with CL)
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.(with CL)
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.(with CL)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി,തൃശ്ശൂർ.(with CL)
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് അദ്ദേഹം വ്യാപക പ്രചാരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (with CL)
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും..
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ